Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

31.07.2025

# ജൂബിലിയിൽ രണ്ട് കോടി രൂപയുടെ പുതിയ ഗവേഷണ പദ്ധതികൾ

കേന്ദ്രസർക്കാർ ഗവേഷണ ഏജൻസികളുടെ സാമ്പത്തികസഹായത്തോടെ 2.12 കോടി രൂപയുടെ നാല് പുതിയ ഗവേഷണ പദ്ധതികൾക്ക് ജൂബിലി മെഡിക്കൽ കോളേജിൽ തുടക്കം കുറിച്ചു. ഐ.സി.എം.ആർ., ഡി.ബി.ടി., സി.സി.ആർ.എ.എസ്., ആയുഷ് എന്നിവ തിരഞ്ഞെടുത്ത പദ്ധതികൾ ഗവേഷണ ടീമിന് അനുമതിപത്രം കൈമാറി തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ഡോ. രാധിക കണ്ണൻ (കമ്മ്യൂണിറ്റി മെഡിസിൻ) ഡോ. വിദ്യ ആർ. നായർ, ഡോ. അപർണ രാജീവ്, ഡോ. ദിലീപ് വിജയൻ (മൂവരും ഗവേഷണവിഭാഗം) എന്നിവർ പഠനത്തിന് നേതൃത്വം നൽകും. ഹൃദ് രോഗം, ബാക്റ്റീരിയക്ക് എതിരായ ആയുർവ്വേദ മരുന്നുകൾ, കുട്ടികളിലെ കോളിക് രോഗം, ആയുർവ്വേദത്തിൽ പ്രതിപാദിക്കുന്ന വ്യത്യസ്ത മനുഷ്യപ്രകൃതിയുടെ ജനിതക ഘടന എന്നിവയാണ് പഠനവിഷയങ്ങൾ.

ജൂബിലി ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പരിപാടിയിൽ റിസേർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ ആമുഖ പ്രഭാഷണം നടത്തി. ജൂബിലി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതവും റിസേർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ് നന്ദിയും പറഞ്ഞു. അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, ആയുർവ്വേദ വിഭാഗം സീനിയർ ഡോക്ടർമാരായ ഡോ. സിസ്റ്റർ ഡൊണാറ്റ, ഡോ. ശ്രീവത്സ്, ജൂബിലി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ഡോ. സി. വി. ആൻഡ്രൂസ്, ഫാ. സിംസൺ തറയിൽ എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

**ഫോട്ടോ അടിക്കുറിപ്പ്** : ജൂബിലി മെഡിക്കൽ കോളേജിൽ നാല് പുതിയ ഗവേഷണപദ്ധതികൾ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തപ്പോൾ. മുൻനിരയിൽ ഗവേഷകരായ ഡോ. ദിലീപ് വിജയൻ, ഡോ. വിദ്യ ആർ. നായർ, ഡോ. അപർണ രാജീവ്, ഡോ. രാധിക കണ്ണൻ എന്നിവരും ജൂബിലി അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര, ഫാ. റെന്നി മുണ്ടൻകുരിയൻ, ഡോ. ഡി.എം. വാസുദേവൻ, ഡോ. പി. ആർ. വർഗ്ഗീസ്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ്, ഡോ. ഷിബു സി. കള്ളിവളപ്പിൽ എന്നിവർ സമീപം.